വരുന്നുണ്ട്. ട്രാഫിക് നിയമങ്ങളും മറ്റും സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി സ്കൂൾ കോളേജ് തലങ്ങൾ പ്രത്യേക സെമിനാറുകളും ക്ലാസ്സുകളും നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഭാവിയിൽ മേൽപ്പറഞ്ഞ നടപടികൾ മൂലം റോഡപകടങ്ങൾ ഗണ്യമായി കുറക്കാൻ കഴിയുന്നതാണ്.

ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായ വികസന പ്രവർത്തനം

104. [869] ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പഞ്ചായത്തുകളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ സേവന പ്രദാന പദ്ധതി (Service Delivery Project) നടപ്പാക്കി വരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവന ഗുണനിലവാരം ചുരുങ്ങിയ സമയത്തിനുള്ളിൽ പരമാവധി മെച്ചപ്പെടുത്തുവാനായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജീവനക്കാരുടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) 102 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ്, മാട്ടൂൽ, മാടായി, അഴീക്കോട്, നടുവിൽ, മാങ്ങാട്ടിടം, കാങ്കോൽ, ആലപ്പടമ്പ, പെരിങ്ങോം-വയക്കര എന്നീ പഞ്ചായത്തുകളിലാണ് ഭരണ നവീകരണ പരിപാടി നടപ്പാക്കുന്നത്.

പഞ്ചായത്തുകളിൽ ഒഴിഞ്ഞു കിടക്കുന്ന സെക്രട്ടറി തസ്തികകൾ

105. [870] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് ഇപ്പോൾ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly